## പതിമൂന്നാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ടചോദ്യം നം. * 518** **06.07.2012-ൽ മറുപടിക്ക്**

# സ്വാശ്രയ കോളേജ് മാനേജ്മെന്റുകളുമായി ഉണ്ടാക്കിയ ധാരണകളും കരാറുകളും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. കെ. ബാലൻ :<br>ശ്രീ. കോടിയേരി ബാലകൃഷ്ണൻ :<br>ശ്രീ. പി. ശ്രീരാമകൃഷ്ണൻ :<br>ശ്രീ. ആർ. രാജേഷ് : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) സ്വാശ്രയ മെഡിക്കൽ കോളേജ് പ്രവേശനം, ഫീസ് തുടങ്ങിയ കാര്യങ്ങളിൽ വിവിധ സ്വാശ്രയ കോളേജ് മാനേജ്മെന്റുകളുമായി ഏറ്റവും ഒടുവിൽ ഉണ്ടാക്കിയ ധാരണകളും അതിന്റെ അടിസ്ഥാനത്തിലുള്ള കരാറുകളും വിശദമാക്കാമോ ; ഈ വർഷം ഉണ്ടായ കരാറുകളുടെ പകർപ്പ് ലഭ്യമാക്കാമോ ; | (എ) കേരള ക്രിസ്ത്യൻ പ്രൊഫഷണൽ കോളേജ് മാനേജ്മെന്റ് ഫെഡറേഷൻ, കേരള പ്രൈവറ്റ് മെഡിക്കൽ കോളേജ് മാനേജ്മെന്റ് അസോസിയേഷൻ കാരക്കോണം ഡോ. സോമർവെൽ മെമ്മോറിയൽ സി.എസ്.ഐ. മെഡിക്കൽ കോളേജ് മാനേജ്മെന്റ്, പെരിന്തൽമണ്ണ എം.ഇ.എസ്. മെഡിക്കൽ കോളേജ് മാനേജ്മെന്റ് എന്നിവയുമായി കരാർ ഒപ്പുവച്ചിട്ടുണ്ട്. കേരള ക്രിസ്ത്യൻ പ്രൊഫഷണൽ കോളേജ് മാനേജ്മെന്റ് ഫെഡറേഷൻ, കാരക്കോണം ഡോ. സോമർവെൽ മെമ്മോറിയൽ സി.എസ്.ഐ. മെഡിക്കൽ കോളേജ് മാനേജ്മെന്റ് എന്നിവയുമായി ഒപ്പുവച്ച കരാർപ്രകാരം എൻ.ആർ.ഐ. സീറ്റുകൾ ഒഴികെയുള്ള മൊത്തം സീറ്റുകളിലേക്കും 3,75,000/- രൂപയാണ് വാർഷിക ഫീസായി നിശ്ചയിച്ചിട്ടുള്ളത്. പ്രസ്തുത മാനേജ്മെന്റുകൾ പ്രതിവർഷം 40 ലക്ഷം രൂപാ വീതം ബി.പി.എൽ വിഭാഗം വിദ്യാർത്ഥികൾക്കും മറ്റ് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നതും പാർശ്വവൽക്കരിക്കപ്പെട്ടതുമായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിലേക്കായി നീക്കിവയ്ക്കണമെന്നും കരാറിൽ വ്യവസ്ഥയുണ്ട്. എൻ.ആർ.ഐ വിഭാഗം വിദ്യാർത്ഥികൾക്ക് 8 ലക്ഷം രൂപയാണ് വാർഷിക ഫീസായി നിശ്ചയിച്ചിട്ടുള്ളത്. |

കേരള ക്രിസ്ത്യൻ പ്രൊഫഷണൽ കോളേജ് മാനേജ്മെന്റ്സ് ഫെഡറേഷനുമായി സർക്കാർ ഒപ്പുവച്ച കരാർ പ്രകാരം മൊത്തം സീറ്റിന്റെ 50% സീറ്റുകളിൽ പ്രവേശന പരീക്ഷാ കമ്മീഷണർ തയ്യാറാക്കിയിട്ടുള്ള റാങ്ക്‌ലിസ്റ്റിൽനിന്നും മെരിറ്റടിസ്ഥാനത്തിൽ പ്രവേശനം നടത്തുന്നതും ബാക്കി 50% സീറ്റുകളിൽ നിർദ്ദിഷ്ട അക്കാദമിക് മെരിറ്റടിസ്ഥാനത്തിൽ പ്രവേശനം നടത്താൻ മാനേജ്മെന്റുകൾക്കും അനുമതി നൽകിയിട്ടുണ്ട്. ഈ 50% സീറ്റുകളുടെ 35% ത്തിൽ പ്രവേശന പരീക്ഷാ കമ്മീഷണർ നടത്തുന്ന പ്രവേശന പരീക്ഷയുടേയും യോഗ്യതാപരീക്ഷയിലെ ഐച്ഛിക വിഷയങ്ങളിൽ (core subjects) നേടിയ മാർക്കിന്റേയും അടിസ്ഥാനത്തിലാണ് പ്രവേശനം നടത്തുന്നത്. ശേഷിക്കുന്ന 15% സീറ്റുകളിൽ എൻ.ആർ.ഐ. വിഭാഗം വിദ്യാർത്ഥികളെ പ്രവേശിപ്പിക്കാമെന്നും വ്യവസ്ഥയുണ്ട് . എൻ.ആർ.ഐ. വിഭാഗം വിദ്യാർത്ഥികളെ പ്രവേശന പരീക്ഷയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത വിദ്യാർത്ഥികളെ ബന്ധപ്പെട്ട സർവ്വകലാശാലകൾ നിശ്ചയിക്കുന്ന യോഗ്യതാ മാനദണ്ഡങ്ങൾക്ക് അനുസൃതമായാണ് പ്രവേശിപ്പിക്കുന്നത്.

കേരള പ്രൈവറ്റ് മെഡിക്കൽ കോളേജ് മാനേജ്മെന്റ് അസോസിയേഷൻ, എം.ഇ.എസ്. മെഡിക്കൽ കോളേജ് മാനേജ്മെന്റ്, പെരിന്തൽമണ്ണ എന്നിവയുമായി ഉണ്ടാക്കിയ കരാർ പ്രകാരം അസോസിയേഷന്റെ കീഴിലുള്ള 7 കോളേജുകളിലും എം.ഇ.എസ്. മെഡിക്കൽ കോളേജിലും സർക്കാർ മെരിറ്റിൽ 1,50,000/- രൂപയും ബി.പി.എൽ, എസ്.ഇ.ബി.സി. വിഭാഗങ്ങൾക്ക് 25,000/- രൂപയും മാനേജ്മെന്റ് ക്വോട്ടയിൽ 6,50,000/- രൂപയും എൻ.ആർ.ഐ. വിഭാഗത്തിന് 9,50,000/- രൂപയുമാണ് ഫീസായി നിശ്ചയിച്ചിട്ടുള്ളത്. മാനേജ്മെന്റ് ക്വോട്ടയിലെ 15 സീറ്റുകൾ പ്രിവിലേജ് സീറ്റുകളായി നിശ്ചയിച്ചിട്ടുണ്ട്. ഈ വർഷം ഉണ്ടായ കരാറുകളുടെ പകർപ്പ് അനുബന്ധം-I ആയി ചേർത്തിരിക്കുന്നു.

| | |
|---|---|
| (ബി) പ്രവേശനവും ഫീസും സംബന്ധിച്ച് സുപ്രീം കോടതി അവസാനമായി പുറപ്പെടുവിച്ച വിധിന്യായത്തിൽ നിന്നും സർക്കാർ പുറപ്പെടുവിച്ചിരുന്ന ഉത്തരവിൽ നിന്നും എന്തെല്ലാം നിലയിലുള്ള മാറ്റങ്ങളോടും വൈരുദ്ധ്യങ്ങളോടും കൂടിയാണിപ്പോൾ മാനേജ്മെന്റുകളുമായി ധാരണയായ കരാറുകളിലെ വ്യവസ്ഥകൾ എന്ന് അറിയിക്കുമോ ; പുതിയ കരാറിന്റെ അടിസ്ഥാനത്തിൽ സർക്കാർ വീണ്ടും ഉത്തരവിറക്കേണ്ടതായി വന്നിട്ടുണ്ടോ ; വിശദമാക്കാമോ ; | (ബി) സ്വാശ്രയ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രവേശനം സംബന്ധിച്ച സുപ്രീംകോടതി വിധി ന്യായങ്ങൾക്ക് വിരുദ്ധമായി സർക്കാർ കരാറിൽ ഏർപ്പെട്ടിട്ടില്ല. കേരള പ്രൈവറ്റ് മെഡിക്കൽ കോളേജ് മാനേജ്മെന്റ് അസോസിയേഷന്റെ കീഴിലുള്ള 8 മെഡിക്കൽ കോളേജുകളുമായി സർക്കാർ കരാർ ഒപ്പുവയ്ക്കുകയും ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. എന്നാൽ പ്രിവിലേജ് സീറ്റുകൾ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് മാനേജ്മെന്റുകൾ പ്രസ്തുത കരാറിൽ നിന്നും പിന്മാറുകയും അതേ തുടർന്ന് മാനേജ്മെന്റുകളുമായി നടത്തിയ തുടർ ചർച്ചകളുടെ അടിസ്ഥാനത്തിൽ സർക്കാർ മെരിറ്റിൽ മുൻ വർഷങ്ങളിൽ അനുവദിച്ചിരുന്ന കമ്മ്യൂണിറ്റി ക്വാട്ട ഒഴിവാക്കി പകരം മാനേജ്മെന്റ് സീറ്റുകളിൽ 15 സീറ്റുകൾ പ്രിവിലേജ് സീറ്റുകളായി അനുവദിച്ചുകൊണ്ട് പുതിയ കരാർ ഒപ്പിടുകയും ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. കാരക്കോണം ഡോ. സോമർവെൽ മെമ്മോറിയൽ സി.എസ്.ഐ. മെഡിക്കൽ കോളേജ് മാനേജ്മെന്റ് മുൻ കരാറിൽ നിന്ന് പിൻമാറുകയും കേരള ക്രിസ്ത്യൻ പ്രൊഫഷണൽ കോളേജ് മാനേജ്മെന്റ് ഫെഡറേഷനുമായി ഒപ്പുവച്ച കരാറിന് സമാനമായ വ്യവസ്ഥകളുള്ള പുതിയ കരാറിൽ ഒപ്പുവയ്ക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) ഈ വർഷത്തെ പ്രവേശനവും ഫീസും മറ്റ് വ്യവസ്ഥകളും സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ച ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ ; പ്രിവിലേജ് സീറ്റുകൾ എത്ര ; | (സി) ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധം-II ആയി ചേർത്തിരിക്കുന്നു. മാനേജ്മെന്റ് ക്വാട്ടയിലെ 15 സീറ്റുകൾ പ്രിവിലേജ് സീറ്റുകളാണ്. |
| (ഡി) നിലവിലുള്ള കോടതി വിധിയും സർക്കാർ ഉത്തരവുകളും കരാറുകളിലെ വ്യവസ്ഥകളും അംഗീകരിക്കാത്ത സ്വാശ്രയ കോളേജുകൾ ഏതൊക്കെയാണ് ? | (ഡി) കണ്ണൂർ മെഡിക്കൽ കോളേജ് കണ്ണൂർ, കരുണ മെഡിക്കൽ കോളേജ് , പാലക്കാട് എന്നീ സ്ഥാപനങ്ങൾ കരാറിൽ ഒപ്പുവച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**